# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *237 — 09.03.2018-ൽ മറുപടിയ്ക്ക്.

## ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ വന്നതിന് ശേഷം ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിച്ച് ന്യായമായ വില ലഭ്യമാക്കുകയും ക്ഷീരസഹകരണ സംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ രൂപീകരിച്ചും, നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിച്ചും, ക്ഷീര സഹകരണ സംഘങ്ങളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിനും വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>മിൽമയുടെ മേഖല യൂണിയനുകൾ സംഘങ്ങൾക്ക് കമ്പ്യൂട്ടർ വൽക്കരണം, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, കെട്ടിട നിർമ്മാണം, ബൾക്ക് മിൽക് കൂളിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, കർഷകർക്ക് ആട്ടോമാറ്റിക് ഡ്രിങ്കിംഗ് ബൗളുകൾ നൽകൽ, യന്ത്രവൽകൃത കറവയന്ത്രങ്ങൾ നൽകൽ, പ്രവർത്തന ഫണ്ടിനായി ധനസഹായം എന്നിവ നൽകി വരുന്നുണ്ട്. ക്ഷീര സംഘങ്ങളെയും ഡയറികളെയും ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക്, പാൽ സൊസൈറ്റികളിലെ അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ എന്നീ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവല്ക്കരണത്തിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) ക്ഷീരസംഘങ്ങളുടെ ആധുനീകവത്കരണം ആട്ടോമേഷൻ എന്നിവയ്ക്കായി 2017-2018–ൽ 25.85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ മുറി, ഗോഡൗൺ, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ, ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റ്, ഇൻഫർമേഷൻ കിയോസ്ക്, ക്ഷീരസംഘങ്ങളിൽ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം, പുതിയസംഘം രൂപീകരണം, പുനരുദ്ധാരണം, ഭക്ഷ്യസുരക്ഷാ നിയമത്തിന് അനുസൃതമായ പരിശീലന പരിപാടികൾ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് പ്രധാനമായും ഈ തുക വിനിയോഗിക്കുന്നത്. |

| | | |
|---|---|---|
| (സി) | പാൽ വില ചാർട്ട് നവീകരിച്ചപ്പോൾ ക്ഷീര സംഘങ്ങളുടെ മാർജിൻ വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (സി) ക്ഷീരസഹകരണ സംഘങ്ങളിൽ കർഷകർ അളക്കുന്ന പാലിന് അതിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പിന്റെയും കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടേയും അടിസ്ഥാനത്തിൽ (ദ്വിമുഖ വിലസമ്പ്രദായം) ആണ് വില നിശ്ചയിക്കുന്നത്. 2017 ഫെബ്രുവരി 11-ാം തീയതി പാൽവില ചാർട്ട് പരിഷ്കരിച്ചപ്പോൾ മിൽമ വിൽക്കുന്ന പാലിന് ലിറ്ററിന് 4/- രൂപ വർദ്ധിപ്പിച്ചു. വർദ്ധനയ്ക്ക് മുമ്പ് 3.5% കൊഴുപ്പും 8.5% കൊഴുപ്പിതരഖര പദാർത്ഥങ്ങൾ (SNF) ഉള്ള പാലിന് ലിറ്ററിന് 29.37/-രൂപ വില കർഷകന് ലഭിച്ചിരുന്നു. വിലവർദ്ധനക്കുശേഷം ഇതേ ഗുണനിലവാരമുള്ള പാലിന് 33.04/- രൂപ വില ലഭിക്കും. കർഷകന് 3.67/-രൂപയുടെ വില അധികമായി ലഭിക്കും. അതായത് 91.75 ശതമാനവും കർഷകർക്ക് ലഭിക്കും വിധമാണ് പാൽവില പരിഷ്കരിച്ചത്. |
| (ഡി) | ക്ഷീരസംഘം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | 01.01.2014 പ്രാബല്യത്തിൽ, 04.01.2016 ന് സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പരിഷ്കരിച്ചിട്ടുണ്ട്. 14.01.2016 മുതൽ ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**